**റൂളിംഗ്**

(1) വിവരാവകാശ കമ്മീഷന്റെ പ്രവർത്തനം

മി. സ്പീക്കർ: കേന്ദ്ര നിയമമായ 2005-ലെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 25 പ്രകാരം ഓരോ വർഷവും നിയമത്തിലെ വ്യവസ്ഥകൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് സംസ്ഥാന വിവരാവകാശ കമ്മീഷൻ തയ്യാറാക്കേണ്ടതും അതിനുശേഷം സർക്കാർ അത് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടുകൾ കഴിഞ്ഞ കുറെ വർഷങ്ങളായി യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നില്ലെന്നും ഇതുമൂലം ഇക്കാര്യങ്ങൾ അറിയാനുള്ള സഭയുടെ അവകാശം ഹനിക്കപ്പെടുന്നുവെന്നും ഇക്കാര്യത്തിൽ റൂളിംഗ് ഉണ്ടാകണമെന്നുമാണ് ഒക്ടോബർ 12-ാം തീയതി ശ്രീ. ടി. സിദ്ദിഖ് തന്റെ ക്രമപ്രശ്നത്തിലൂടെ സഭയിൽ ഉന്നയിച്ചത്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ വിശദമായി പരിശോധിച്ച് മറുപടി പറയുന്നതിന് കൂടുതൽ സമയം വേണ്ടതുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതുസംബന്ധിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയും ചെയറിന്റെ റൂളിംഗും 2021

ഒക്ടോബർ 20-ാം തീയതി നൽകുമെന്ന് അന്നുതന്നെ അറിയിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ സംസ്ഥാനം നേരിട്ട പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ 20, 21, 22 തീയതികളിലെ സഭാ നടപടികൾ ഒഴിവാക്കപ്പെട്ട സാഹചര്യത്തിലാണ് ഈ ക്രമപ്രശ്നത്തിന്മേലുള്ള സർക്കാർ വിശദീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നിവിടെ നൽകിയിട്ടുള്ളത്.

ക്രമപ്രശ്നത്തിന് ആധാരമായ വിഷയവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണവും ചെയർ പരിശോധിക്കുകയുണ്ടായി. ഇവിടെ വിശദീകരിച്ചതുപോലെ 2005-ലെ വിവരാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങളടങ്ങുന്ന സംസ്ഥാന വിവരാവകാശ കമ്മീഷന്റെ വാർഷിക റിപ്പോർട്ടുകളിൽ 2017-18, 2018-19, 2019-20, 2020-21 എന്നീ നാല് വർഷങ്ങളിലെ റിപ്പോർട്ടുകളാണ് ഇനിയും സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതായിട്ടുള്ളത്. ഇതിൽ 2017-18 വർഷത്തെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കിയിട്ടുള്ളതായും ശേഷിക്കുന്നവ എത്രയും വേഗം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി

അറിയിക്കുകയുണ്ടായി. ഇനിയും സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ട എല്ലാ റിപ്പോർട്ടുകളും സമയബന്ധിതമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനുള്ള നടപടികൾ സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ സംബന്ധിച്ച സമിതി സ്വീകരിച്ചുകഴിഞ്ഞതായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽനിന്നും വ്യക്തമാകുന്നുണ്ട്.

ഈ സാഹചര്യത്തിൽ, വിവരാവകാശ നിയമപ്രകാരമുള്ള എല്ലാ പൊതു അധികാരികളിൽനിന്നും നിർദ്ദിഷ്ട വിശദാംശങ്ങൾ സമയബന്ധിതമായി ശേഖരിച്ച് കുടിശ്ശികയായിട്ടുള്ള എല്ലാ റിപ്പോർട്ടുകളും കഴിയുന്നതുംവേഗം സഭയുടെ മേശപ്പുറത്തുവയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ഇക്കാര്യത്തിൽ പ്രത്യേകിച്ചും, സമാന റിപ്പോർട്ടുകളുടെ കാര്യത്തിൽ പൊതുവെയും അവ യഥാസമയം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നു എന്നുറപ്പാക്കുന്ന കാര്യത്തിൽ പ്രസ്തുത നിയമസഭാ സമിതി അതിന്റെ നിരീക്ഷണം കൂടുതൽ ശക്തിപ്പെടുത്തേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

(2) <u>ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 175 (1) അനുശാസിക്കുന്ന പ്രകാരം ഓരോ വർഷവും വികസന പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനായി നിർമ്മിക്കേണ്ട ചട്ടങ്ങൾ, നിയമം നിലവിൽ വന്ന് 27 വർഷങ്ങൾ കഴിഞ്ഞിട്ടും നിർമ്മിക്കപ്പെടാതിരുന്നതിനെ സംബന്ധിച്ചാണ് ചട്ടം 303 പ്രകാരം ശ്രീ. യു. എ. ലത്തീഫ് ഒരു ക്രമപ്രശ്നം സഭയിൽ ഉന്നയിച്ചത്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന് കീഴിൽ ചട്ടങ്ങളുണ്ടാക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യക്തമായ വ്യവസ്ഥകളുണ്ടായിട്ടും ഇതുവരെ ചട്ടങ്ങൾ നിർമ്മിക്കാൻ കഴിയാതിരുന്നതിനെ സംബന്ധിച്ച കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളുടെ ശാക്തീകരണവും ലക്ഷ്യം വച്ചുകൊണ്ടും, 73-ഉം 74-ഉം ഭരണഘടനാ ഭേദഗതികൾക്കനുസൃതമായും 1994-ൽ കേരള നിയമസഭ പാസ്സാക്കിയ രണ്ട് സുപ്രധാന നിയമങ്ങളാണ് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും. ഈ നിയമങ്ങളുടെ ശരിയായ നടത്തിപ്പിനായി ഒട്ടേറെ ചട്ടങ്ങൾക്ക് കഴിഞ്ഞ കാലങ്ങളിൽ രൂപം കൊടുത്തിരുന്നതായി നമുക്കറിയാം. അവയൊക്കെത്തന്നെ സംസ്ഥാനത്തൊട്ടാകെ, പ്രസ്തുത നിയമങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് ഏറെ അനുഗുണമായിരുന്നതായും കാണാവുന്നതാണ്.

എന്നാൽ ഓരോ തലത്തിലുമുള്ള പഞ്ചായത്തുകൾ ഓരോ വർഷവും തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതായ തൊട്ടടുത്ത വർഷത്തേയ്ക്കുള്ള വികസന പദ്ധതികൾ സംബന്ധിച്ച റിപ്പോർട്ടുകൾ എപ്രകാരമായിരിക്കണമെന്നത് നിഷ്കർഷിക്കേണ്ടതും സെക്ഷൻ 175(1)-ൽ വിഭാവനം ചെയ്തിട്ടുള്ളതുമായ ചട്ടങ്ങൾക്ക് നാളിതുവരെ അന്തിമരൂപം നൽകിയിട്ടില്ല എന്ന വസ്തുത സഗൗരവം വീക്ഷിക്കേണ്ട ഒരു കാര്യം തന്നെയാണെന്നാണ് കാണുന്നത്. അതിനേക്കാൾ ഗുരുതരമായി ചെയർ കാണുന്നത് 14-ാം കേരള നിയമസഭയിൽ, 2016 നവംബർ 9-ാം തീയതി സഭയിൽ ഉന്നയിക്കപ്പെട്ട ഇതേ വിഷയത്തിന്മേലുള്ള ഒരു ക്രമപ്രശ്നത്തിന് മറുപടി പറഞ്ഞ അന്നത്തെ ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകിയിരുന്നത് 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി

രൂപീകരണമാകുമ്പോഴേയ്ക്കും ചട്ടങ്ങൾകൊണ്ടുവരാൻ സർക്കാർ ശ്രമിക്കുമെന്നാണ്. അതിനുശേഷം ഇപ്പോൾ 5 വർഷം പൂർത്തീകരിച്ച വേളയിലും കരട് ചട്ടങ്ങൾ പരിശോധനാ തലത്തിലാണെന്നാണ് അറിയിച്ചിരിക്കുന്നത്. സഭയ്ക്ക് നൽകപ്പെട്ട ഉറപ്പ് പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ ശരിയായ രീതിയിലുള്ള ഒരു പരിശ്രമവും ഇതുവരെ നടത്തിയില്ല എന്നത് നീതീകരിക്കാനാകുന്നതല്ലെന്ന് പറയേണ്ടിയിരിക്കുന്നു. ഇക്കാര്യത്തിൽ വന്ന കാലതാമസം പ്രത്യേകമായി പരിശോധിച്ച് ഭാവിയിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ സാഹചര്യത്തിൽ ഇവിടെ പ്രത്യേകമായി പരാമർശിച്ച ചട്ടങ്ങൾക്ക് ഒരു മാസത്തിനകം രൂപം നൽകണമെന്നും അതിനുശേഷം അത് കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ മുൻകൂർ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

അതോടൊപ്പം സഭ മുൻപ് പാസ്സാക്കിയതും ഇപ്പോൾ പാസ്സാക്കിക്കൊണ്ടിരിക്കുന്നതുമായ നിയമങ്ങൾ പ്രകാരം സർക്കാർ നിർമ്മിക്കേണ്ട ചട്ടങ്ങൾ നിയമസഭാ നടപടി ചട്ടങ്ങളിലെ

ചട്ടം 238 (2)-ൽ പരാമർശിച്ചിരിക്കുന്ന കാലപരിധിക്കുള്ളിൽത്തന്നെ തയ്യാറാക്കി അതത് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

ചട്ടങ്ങളുടെ സമയബന്ധിതമായ രൂപീകരണം, കരട് ചട്ടങ്ങളുടെ സൂക്ഷ്മ പരിശോധന തുടങ്ങിയ കാര്യങ്ങളിൽ വിവിധ സബ്ജക്ട് കമ്മിറ്റികൾ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് 2019 ജൂൺ 12-ാം തീയതി ചെയറിൽനിന്നുണ്ടായിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ സബ്ജക്ട് കമ്മിറ്റികളും കർശനമായി പാലിക്കേണ്ടതാണെന്നും ചെയർ റൂൾ ചെയ്യുന്നു.

(3) <u>കാര്യോപദേശക സമിതി റിപ്പോർട്ട് മുൻകൂറായി സർക്കുലേറ്റ് ചെയ്തത് സംബന്ധിച്ച്</u>

കാര്യോപദേശകസമിതിയുടെ റിപ്പോർട്ട് സഭയിൽ മുൻകൂറായി സർക്കുലേറ്റ് ചെയ്തതിനെ സംബന്ധിച്ച് ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) ഒരു ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി. കാര്യോപദേശക സമിതി റിപ്പോർട്ട് സഭ പരിഗണിക്കേണ്ടതുകൊണ്ടാണ് അത് മുൻകൂറായി സർക്കുലേറ്റ് ചെയ്യുന്നത്. ഇതാണ് സഭയിലെ കീഴ്വഴക്കം.